റാക്കുന്നതിനുവേണ്ടി വികസന ബ്ലോക്കുകൾ എടുത്തിട്ടുണ്ട്. 151 വികസന ബ്ലോക്കുകൾ കേരളത്തിലുണ്ട്. വികസന ബ്ലോക്ക് ഒരു യൂണിറ്റായി എടുത്താൽ ഇന്നുള്ളതിനേക്കാൾ കൂടുതൽ പ്രയോജനമുണ്ടാകും. വിള ഇൻഷുറൻസ് കൊണ്ട് ഇപ്പോൾ യഥാർത്ഥത്തിൽ കർഷകർക്കുണ്ടാകുന്ന പ്രയോജനം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകൾ റദ്ദാക്കുകയെന്നതാണ്. യഥാർത്ഥത്തിൽ ക്രോപ്പ് ലോൺ ഇൻഷുറൻസാണ് ഇപ്പോൾ നടപ്പാക്കിയിട്ടുള്ളത്. അതിന്റെ പ്രയോജനം പരിപൂർണ്ണമായി ലഭ്യമാക്കുന്നതിന് ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ഇന്ന് ഇതിന്റെ നഷ്ടം തിട്ടപ്പെടുത്തുന്ന രീതിയിൽ തന്നെ ചില മാറ്റങ്ങൾ വരുത്തണമെന്നുള്ള കാര്യവും ഗവൺമെൻറിന്റെ ആലോചനയിലാണ്. വികസന ബ്ലോക്കുകൾ ഒരു യൂണിറ്റായി എടുക്കുന്ന കാര്യവും ഏതാണ്ട് നയപരമായി തീരുമാനിച്ചിരിക്കുകയാണ്.

(8) കണ്ടിജൻസി ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിൽ ഉണ്ടായിട്ടുള്ള അനോമലി നികത്താൻ നടപടി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചപ്പോഴുണ്ടായ അനോമലി പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. പാർട്ട് ടൈം മുനിസിപ്പൽ കണ്ടിജൻസി ജീവനക്കാരുടെ ശമ്പളം അതേതരത്തിൽ സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരുടെ ശമ്പളത്തിന് തുല്യമാക്കാൻ ചില നടപടികൾ സ്വീകരിച്ചുവെന്നാണ് ഗവൺമെൻറ് പറയുന്നത്. 16-8-1986-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിമാസ വേതനത്തിൽ 59 രൂപ മുതൽ 179 രൂപ വരെ കുറവുണ്ടായിരിക്കുന്നു. പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂണിയന്റെ നേതാക്കൻമാർ 10-9-1986-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നു. 18-10-1986-ൽ സംസ്ഥാനത്തെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഒരു ദിവസത്തെ കൂട്ടധർണ ജീവനക്കാർ നടത്തുകയുമുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറ് പാർട്ട് ടൈം കണ്ടിൻജൻസി ജീവനക്കാരെ രണ്ടു കാറ്റഗറിയായിട്ടാണ് തരം തിരിച്ചിരുന്നത്. അതിപ്പോൾ മൂന്നു കാറ്റഗറിയാക്കിയതു കാരണം ചിലർക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ഇതിന്റെ വെളിച്ചത്തിൽ 16-8-1986-ലെ സർക്കാർ ഉത്തരവ് പിൽവലിച്ച് തെറ്റുകൾ തിരുത്തി പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈയടുത്തകാലത്ത് വരുത്തിയ മാറ്റം കൊണ്ട് ചിലർക്ക് ശമ്പളക്കുറവ് വരുമെന്ന് അറിയിച്ചിട്ടുണ്ട്. പരിശോധനയിൽ ശരിയാണെന്നും കണ്ടിട്ടുണ്ട്. എന്നായാലും 16-8-1986-ലെ ഈ ഉത്തരവിലെ ന്യൂനത പരിഹരിച്ചുകൊണ്ട് ഇന്നുള്ള ശമ്പളത്തിൽ ആർക്കും കുറവ് വരാൻ പാടില്ലെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയതായി പാർട്ട് ടൈം ജീവനക്കാരെ നിയമിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നെങ്കിലും അത് കണ്ടിന്യൂ ചെയ്യാനും ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് കുറവ് നികത്തിക്കൊടുക്കാനുള്ള കൽപ്പന പുറപ്പെടുവിച്ചതുകൊണ്ട് ആർക്കും കുറവ് വരികയില്ല. റിവൈസ് ചെയ്ത ശമ്പളം എല്ലാവർക്കും കിട്ടുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly